9 (ഒൻപത്) എന്ന അക്കത്തെക്കുറിച്ചുള്ള തിസീസ്

441 [790] ശ്രീ. കെ.ടി. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയാള ഭാഷയിൽ 9 (ഒൻപത്) എന്ന അക്കത്തിന് നൽകിയിരിക്കുന്ന ശബ്ദം തെറ്റാണെന്നു സമർത്ഥിച്ചുകൊണ്ടും പകരം മറ്റൊരു ശബ്ദം നൽകിക്കൊണ്ടും ഒരു തിസീസ് കിട്ടിയിട്ടുണ്ടോ;

(ബി) ആരിൽ നിന്നാണ് ഈ തിസീസ് കിട്ടിയത്;

(സി) ഇതിനു മുൻപ് ആരെങ്കിലും ഇങ്ങനെ ഒരു തിസീസ് സമർപ്പിച്ചിട്ടുണ്ടോ;

(ഡി) പ്രസ്തുത തിസീസ് വിദഗ്ദ്ധ പരിശോധനയ്ക്കായിട്ട് അയച്ചു കൊടുത്തിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ശ്രീ. വർഗ്ഗീസ്, പ്രശാന്ത്, ധനുവച്ചപുരം എന്നയാളിൽ നിന്നും.

(സി) ഇല്ല.

(ഡി) വിദ്യാഭ്യാസ ഡയറക്ടർക്ക് വേണ്ട നടപടികൈക്കായി അയച്ചു കൊടുത്തിട്ടുണ്ട്.

ഫിസിക്കൽ എഡ്യൂക്കേഷൻ കോളേജുകൾ

442 [791] ശ്രീ. എ.സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ ആകെ എത്ര ഫിസിക്കൽ എഡ്യൂക്കേഷൻ കോളേജുകൾ ഉണ്ട്;

(ബി) അവ എവിടെയൊക്കെയാണെന്ന് വെളിപ്പെടുത്താമോ;

(സി) ഈ കോളേജുകളിൽ ഏതെല്ലാം കോഴ്സുകളാണ് ഇപ്പോൾ ഉള്ളത്;

(ഡി) ഫിസിക്കൽ എഡ്യൂക്കേഷൻ കോളേജുകളിൽ പുതുതായി കോഴ്സുകൾ തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) ഒന്ന്.

(ബി) കോഴിക്കോട്.

(സി) ഫിസിക്കൽ എഡ്യൂക്കേഷനിലുള്ള രണ്ടു വർഷത്തെ സർട്ടിഫിക്കറ്റ് കോഴ്സ് മാത്രമേ ഇവിടെ ഇപ്പോൾ നടത്തുന്നുള്ളൂ.

(ഡി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly